

# സീറോ മലബാർ സഭയുടെ സായാഹ്ന പ്രാർത്ഥനകൾ

കാർമ്മി. അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി.

സമൂഹം. ആമ്മേൻ.

കർമ്മി. ഭൂമിയിൽ മനുഷ്യർക്കു സമാധാനവും പ്രത്യാശയും എപ്പോഴും എന്നേക്കും.

സമൂഹം. ആമ്മേൻ.

കാർമ്മി. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ/ (സമൂഹവും ചേർന്ന്) അങ്ങയുടെ നാമം പൂജിതമാകണമെ. അങ്ങയുടെ രാജ്യം വരണമെ. അങ്ങയുടെ തിരുമനസ്സ് സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമെ. ഞങ്ങൾക്കു ആവശ്യകമായ ആഹാരം/ ഇന്നു ഞങ്ങൾക്കു തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ/ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതെ. ദുഷ്ടാരൂപിയിൽനിന്നു ഞങ്ങളെ രക്ഷിക്കണമെ. എന്തുകൊണ്ടെന്നാൽ/രാജ്യവും ശക്തിയും മഹത്വവും/ എന്നേക്കും അങ്ങയുടേതാകുന്നു. ആമ്മേൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ/ അങ്ങയുടെ മഹത്വത്താൽ/ സ്വർഗ്ഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു. മാലാഖമാരും മനുഷ്യരും/ അങ്ങു പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ എന്ന് ഉൽഘോഷിക്കുന്നു.

ശുശ്രൂഷി. നമുക്കു പ്രാർത്ഥിക്കാം സമാധാനം നമ്മോടു കൂടെ.

കാർമ്മി: സ്തുത്യർഹവും പരിശുദ്ധവുമായ അങ്ങേ ത്രിത്വത്തിന് സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുവാൻ ഞങ്ങൾ കടപ്പെട്ടവരാകുന്നു. പിതാവും പുത്രനും പരിശുദ്ധാന്മാവുമായ സർവ്വേശ്വരാ എന്നേക്കും.

സമൂഹം: ആമ്മേൻ.

ഗായകർ: മിശിഹാ കർത്താവേ, നരകുല രക്ഷകനേ
ഞങ്ങളണച്ചിടുമീ പ്രാർത്ഥന തിരുമുമ്പിൽ
പരിമളമിയലും ധൂപം പോൽ
കൈക്കൊണ്ടരുളേണം.

സഹായി: സമാധാനം നമ്മോടുകൂടെ.

കാർമ്മി: അങ്ങു നൽകിയിട്ടുള്ളതും, എന്നാൽ കൃതജ്ഞത പ്രകാശിപ്പിക്കുവാൻ കഴിയാത്തതുമായ എല്ലാ സഹായങ്ങൾക്കും അനുഗ്രഹങ്ങൾക്കുമായി സകല സൗഭാഗ്യങ്ങളുടേയും സഹായങ്ങളുടേയും മകുടം ചൂടിയിരിക്കുന്ന സഭയിൽ അങ്ങയെ ഞങ്ങൾ സ്തുതിക്കുകയും നിരന്തരം മഹത്ത്വപ്പെടുത്തുകയും ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ പിതാവും പുത്രനും പരിശുദ്ധാത്മാവുമായ അങ്ങ് സകലത്തിൻെറയും നാഥനും സൃഷ്ടാവുമാകുന്നു എന്നേക്കും.

സമൂഹം: ആമ്മേൻ.

ഗായകർ:. സർവ്വാധിപനാം കർത്താവേ
നിന്നെ വണങ്ങി നമിക്കുന്നു
ഈശോ നാഥാ വിനയമോടെ
നിന്നെ നമിച്ചു പുകഴ്ത്തുന്നു.

മർത്യനു നിത്യമഹോന്നതമാ
മുത്ഥാനം നീയരുളുന്നു
അക്ഷയമവനുടെ ആത്മാവി
ന്നുത്തമരക്ഷയുമേകുന്നു.

ശുശ്രൂഷി. നമുക്കു പ്രാർത്ഥിക്കാം സമാധാനം നമ്മോടു കൂടെ.

കാർമ്മി. എൻെറ കർത്താവേ നീ സത്യമായും ഞങ്ങളുടെ ശരീരങ്ങളെ ഉയർപ്പിക്കുന്നവനും ആത്മാക്കളെ രക്ഷിക്കുന്നവനും ജീവനെ നിത്യം പരിപാലിക്കുന്നവനുമാകുന്നു. ഞങ്ങൾ എപ്പോഴും അങ്ങേക്കു സ്തുതിയും ക്രതജ്ഞതയും ആരാധനയും സമർപ്പിക്കുവാൻ കടപ്പെട്ടവരാകുന്നു. സകലത്തിൻെറയും നാഥാ എന്നേക്കും.

സമൂഹം. ആമ്മേൻ.

ഗായകർ: *ദൈവമേ നിന്നിൽ ശരണപ്പെട്ടു.*

കർത്താവേ നിൻ / ദൈവികമാം
ശക്തി വിളങ്ങും സ്ലീവായിൽ
ലജ്ജിതനായ് ഞാൻ തീരില്ല.
ശത്രുജനങ്ങൾ / പോലും നിൻ
കുരിശിൻ വിജയം ദർശിച്ചു
സത്യം നിത്യം വിജയിക്കും

*പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.*

നാഥാ നിന്നെ / സ്ലീവായിൽ
ശത്രു ജനങ്ങളുയർത്തിയ നാൾ
മരണം ശരണം കൈവിട്ടു
പാതാളത്തിൽ / മരണത്തിൻ
പിടിയിൽപ്പെട്ടു വലഞ്ഞവരിൽ
ശാശ്വതശരണം തളിരിട്ടു.

ശുശ്രൂഷി. നമുക്കു പ്രാർത്ഥിക്കാം സമാധാനം നമ്മോടു കൂടെ.

കാർമ്മി: ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേ അനന്തമായ കരുണയും നിരന്തരമായ പരിപാലനയുമോർത്ത് ഞങ്ങൾ അങ്ങയെ ആരാധിക്കുകയും പുകഴ്ത്തുകയും ചെയ്യുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും.

സമൂഹം: ആമ്മേൻ.

കാർമ്മി: കർത്താവേ, ഞാനങ്ങയെ വിളിച്ചപേക്ഷിക്കുന്നു എനിക്കുത്തരമരുളണമേ.
എന്റെ വാക്കു കേട്ട് എന്റെ പ്രാർത്ഥന സ്വീകരിക്കേണമേ.

സമൂഹം: കർത്താവേ, ഞാനങ്ങയെ വിളിച്ചപേക്ഷിക്കുന്നു / എനിക്കുത്തരമരുളണമേ.
എന്റെ പ്രാർത്ഥന സ്വീകരിക്കേണമേ. / പരിമള ധൂപം പോലെ / അത് അങ്ങേ പക്കലേക്കുയരട്ടെ.

കർത്താവേ എന്റെ ഈ പ്രാർത്ഥന / എന്റെ സായാഹ്നബലിയായി സ്വീകരിക്കേണമെ.

എന്റെ നാവിനും അധരങ്ങൾക്കും / അങ്ങു കാവൽ നിർത്തേണമേ.

ദുഷ്ടപ്രവർത്തികൾ ചെയ്യുവാനും / ദുഷ്ടന്മാരോടു സഹവസിക്കുവാനും
അങ്ങ് എന്നെ അനുവദിക്കരുതെ.

നീതിമാനായ മനുഷ്യൻ / എന്നെ പഠിപ്പിക്കുകയോ ശാസിക്കുകയോ ചെയ്യട്ടെ.

ദുഷ്ടന്മാരുടെ തൈലംകൊണ്ട് / എന്റെ ശിരസ്സു പൂശുവാൻ അനുവദിക്കരുതെ.

എന്റെ പ്രാർത്ഥന എപ്പോഴും / അവരുടെ പ്രവർത്തികൾക്കെതിരാകുന്നു.

അവരുടെ വിധികർത്താക്കൾ / കനത്തകൈകളാൽ തടയപ്പെട്ടു.

എന്റെ വാക്കുകൾ സ്നേഹമസൃണമായിരുന്നെന്ന് / അപ്പോൾ അവർക്കു മനസ്സിലായി.

ഉച്ചത്തിൽ ഞാൻ കർത്താവിനെ വിളിക്കുന്നു. ഉച്ചത്തിൽ ഞാൻ കേണപേക്ഷിക്കുന്നു

എന്റെ ഹൃദയം നീറുമ്പോൾ / എന്റെ സങ്കടങ്ങളും പീഡകളും / ഞാൻ അവിടുത്തെ അറിയിക്കും.

എന്റെ വഴികളെല്ലാം / അങ്ങുന്നറിയുന്നുവല്ലോ.

ഞാൻ സഞ്ചരിക്കുന്ന വഴികളിൽ / അവരെനിക്കു കെണികൾ വച്ചു.

ഞാൻ വലത്തേക്കു തിരിഞ്ഞു നോക്കി / എന്നെ അറിയുന്നവരാരുമില്ല

ഓടിയൊളിക്കുവാൻ എനിക്കിടമില്ല / എന്നെ രക്ഷിക്കുവാൻ ആളുമില്ല.

കർത്താവേ, ഞാനങ്ങയെ വിളിച്ചപേക്ഷിക്കുന്നു / അങ്ങ് എന്റെ അഭയമാണല്ലോ.

അങ്ങേ പ്രമാണം എന്റെ പാദങ്ങൾക്കു വിളക്കും / എന്റെ വഴികളിൽ പ്രകാശവുമാകുന്നു.

നീതിയുടെ നിയമങ്ങളനുസ്സരിക്കുവാൻ / ശപഥപൂർവ്വം ഞാൻ നിശ്ചയിച്ചു.

കർത്താവേ, ഞാനേറെ കഷ്ടപ്പെട്ടു / അങ്ങേ വാക്കനുസ്സരിച്ച് എന്നെ രക്ഷിക്കേണമേ.

എന്റെ അധരങ്ങളുടെ കാണിക്ക സ്വീകരിക്കേണമേ, നിയമങ്ങൾ എന്നെ പഠിപ്പിക്കേണമേ.

എന്റെ ജീവൻ എപ്പോഴും അപകടത്തിലാകുന്നു, എങ്കിലും ഞാൻ അങ്ങേ നിയമം മറന്നില്ല.

ദുഷ്ടന്മാർ എനിക്കു കെണികൾ വച്ചു, എങ്കിലും നിയമത്തിൽ നിന്നു ഞാൻ വ്യതിചലിച്ചില്ല.

ജനപതങ്ങളെ കർത്താവിനെ സ്തുതിക്കുവിൻ, ഭൂവാസികളെ കർത്താവിനെ പുകഴ്ത്തുവിൻ.

അവിടുത്തെ സ്നേഹം അനന്തമാകുന്നു, തന്റെ വാഗ്ദാനം അവിടുന്നു പൂർത്തിയാക്കുന്നു.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

ആദിമുതൽ എന്നേക്കും ആമ്മേൻ.

കാർമ്മി: കർത്താവേ, ഞാനങ്ങയെ വിളിച്ചപേക്ഷിക്കുന്നു എനിക്കുത്തരമരുളണമേ. എന്റെ വാക്കു കേട്ട് എന്റെ പ്രാർത്ഥന സ്വീകരിക്കേണമേ.

ശുശ്രൂഷി: നമുക്കു പ്രാർത്ഥിക്കാം സമാധാനം നമ്മോടു കൂടെ.

കാർമ്മി: കർത്താവേ, അങ്ങേ ദാസരായ ഞങ്ങളുടെ പ്രാർത്ഥന കേൾക്കുകയും, പാപികളായ ഞങ്ങളെ അനുഗ്രഹിക്കുകയും ചെയ്യണമെ. എന്തുകൊണ്ടെന്നാൽ അങ്ങു ഞങ്ങളുടെ ശരീരത്തിന് ആരോഗ്യവും, ആത്മാവിനു പ്രത്യാശയും നൽകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും.

സമൂഹം: ആമ്മേൻ.

കാർമ്മി: വിശുദ്ധരിൽ വസിക്കുകയും അവരിൽ സംപ്രീതനാവുകയും ചെയ്യുന്ന പരിശുദ്ധനും സ്തുത്യർഹനും ബലവാനും അമർത്യനുമായ എന്റെ കർത്താവേ, അങ്ങേക്കു സഹജമായ വിധം എപ്പോഴും ഞങ്ങളെ കടാക്ഷിക്കുകയും അനുഗ്രഹിക്കുകയും ഞങ്ങളോടു കരുണ കാണിക്കുകയും ചെയ്യണമെന്ന് ഞങ്ങൾ അപേക്ഷിക്കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും.

ഗായകർ: ഹല്ലേലുയ്യ പാടീടുന്നേൻ
ഹല്ലേലുയ്യ ഹല്ലേലുയ്യ

നല്ലോരാശയമെൻ മനതാരിൽ
വന്നു നിറഞ്ഞു തുളുമ്പീടുന്നു
രാജാവിൻ തിരുമുമ്പിൽ കീർത്തന
മധുവായ് ഞാനതൊഴുക്കീടട്ടെ
ഏറ്റമനുഗ്രഹ പൂരിതനാം കവി
തൻ തൂലികപോലെൻ നാവിപ്പോൾ

താതനുമതുപോൽ സുതനും
പരിശുദ്ധാത്മാവിനും സ്തുതിയുയരട്ടെ
ആദിമുതൽക്കേയിന്നും നിത്യവു
മായി ഭവിച്ചീടട്ടെ ആമ്മേൻ
ഹല്ലേലുയ്യ പാടീടുന്നേൻ
ഹല്ലേലുയ്യ ഹല്ലേലുയ്യ

ശുശ്രൂഷി: നമുക്ക് ശ്രദ്ധാപൂർവ്വം നിന്നു പരിശുദ്ധ സുവിശേഷം ശ്രവിക്കാം.

കാർമ്മി: സമാധാനം + നിങ്ങളോടു കൂടെ.

സമൂഹം: അങ്ങയോടും അങ്ങയുടെ ആത്മാവോടും കൂടെ.

കാർമ്മി: വിശുദ്ധ ------ അറിയിച്ച നമ്മുടെ കർത്താവീശോ മിശിഹായുടെ പരിശുദ്ധ സുവിശേഷം.

സമൂഹം: നമ്മുടെ കർത്താവായ മിശിഹാക്കു സ്തുതി.

## കാറോസൂസാ

ശുശ്രൂഷി: നമുക്കെല്ലാവർക്കും അനുതാപത്തോടും ഭക്തിയോടും കൂടെ കർത്താവേ, ഞങ്ങളോടു കൃപയുണ്ടാകണമേ എന്നപേക്ഷിക്കാം.

സമൂഹം: കർത്താവേ, ഞങ്ങളോടു കൃപയണ്ടാകണമെ.

ശുശ്രൂഷി: കാരുണ്യവാനും ആശ്വാസദായകനുമായ പിതാവേ, ഞങ്ങളുടെ സംരക്ഷകനും പരിപാലകനുമായ ദൈവമേ, അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം: കർത്താവേ, ഞങ്ങളോടു കൃപയണ്ടാകണമെ.

ശുശ്രൂഷി: ക്രിസ്തീയ സഭകളുടെ ഐക്യത്തിനും അഭിവൃദ്ധിക്കും വേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം: കർത്താവേ, ഞങ്ങളോടു കൃപയണ്ടാകണമെ.

ശുശ്രൂഷി: ഞങ്ങളുടെ രാജ്യത്തിൻെറ രക്ഷക്കും ഉന്നമനത്തിനും വേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം: കർത്താവേ, ഞങ്ങളോടു കൃപയണ്ടാകണമെ.

ശുശ്രൂഷി: നല്ല കാലാവസ്ഥയും ഫലപുഷ്ടമായ വത്സരവും സമൃദ്ധമായ വിളവുകളും നല്കി ലോകത്തെ ഐശ്വര്യപൂർണ്ണമാക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം: കർത്താവേ, ഞങ്ങളോടു കൃപയണ്ടാകണമെ.

ശുശ്രൂഷി: പ്രത്യേകമായി തിരുസ്സഭയുടെ അധിപനായ മാർ ബെനഡിക്ട് പതിനാറാമെൻ പാപ്പാക്കുവേണ്ടിയും, ഞങ്ങളുടെ സഭയുടെ തലവനും പിതാവുമായ മാർ വർക്കി ശ്രേഷ്ട മെത്രാപ്പോലീത്തായ്ക്കു വേണ്ടിയും ഞങ്ങളുടെ പിതാക്കന്മാരായ മാർ കുര്യാക്കോസ് മെത്രാപ്പോലിത്താക്കു വേണ്ടിയും, മാർ മാത്യു മെത്രാപ്പോലിത്താക്കു വേണ്ടിയും, ഞങ്ങളുടെ രൂപതാദ്ധ്യക്ഷൻ മാർ ജേക്കബ് മെത്രാനു വേണ്ടിയും അവരുടെ സഹശുശ്രൂഷകർക്കു വേണ്ടിയും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം: കർത്താവേ, ഞങ്ങളോടു കൃപയണ്ടാകണമെ.

ശുശ്രൂഷി: നിർമ്മല ഹൃദയത്തോടും പരിശുദ്ധ മനസ്സാക്ഷിയോടും കൂടെ അങ്ങേക്കു ശുശ്രൂഷ ചെയ്യുവാനുള്ള അനുഗ്രഹം എല്ലാ വൈദികർക്കും ശെമ്മാശന്മാർക്കും മറ്റു വിശ്വാസികൾക്കും പ്രദാനം ചെയ്യണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം: കർത്താവേ, ഞങ്ങളോടു കൃപയണ്ടാകണമെ.

ശുശ്രൂഷി: തിരുസ്സഭയിലുള്ള സന്യാസികളും സന്യാസിനികളും പരിപൂർണ്ണതയുടെ മാർഗ്ഗത്തിൽക്കൂടിയുള്ള അവരുടെ പ്രയാണം പൂർത്തിയാക്കി വിജയകിരീടം നേടുവാൻ ഇടയാക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം: കർത്താവേ, ഞങ്ങളോടു കൃപയണ്ടാകണമെ.

ശുശ്രൂഷി: തീക്ഷ്ണതയുള്ള അൽമായ പ്രേഷിതരെ സഭക്കു ധാരാളമായി പ്രദാനം ചെയ്യണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം: കർത്താവേ, ഞങ്ങളോടു കൃപയുണ്ടാകണമെ.

ശുശ്രൂഷി: കർത്താവിൽ നിദ്രപ്രാപിച്ച എല്ലാവരേയും പ്രത്യേകമായി ഞങ്ങളുടെ പ്രിയപ്പെട്ടവരേയും ബന്ധുക്കളേയും സ്വർഗ്ഗഭാഗ്യത്തിൽ ചേർക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം: കർത്താവേ, ഞങ്ങളോടു കൃപയുണ്ടാകണമെ.

ശുശ്രൂഷി: രോഗികൾക്കു സൗഖ്യവും പീഡിതർക്കു ആശ്വാസവും ആസന്നമരണർക്കു സമാധാനവും നൽകണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം: കർത്താവേ, ഞങ്ങളോടു കൃപയുണ്ടാകണമെ.

ശുശ്രൂഷി: ഞങ്ങളുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിൻെറയും മാർ യൗസേപ്പിൻെറയും മാർത്തോമ്മാശ്ലീഹായുടേയും പ്രാർത്ഥനാ സഹായത്തിലാശ്രയിച്ചുകൊണ്ട് സ്വർഗ്ഗരാജ്യത്തെ ലക്ഷ്യമാക്കി ജീവിക്കുവൻ ഞങ്ങളെ ശക്തരാക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം: കർത്താവേ, ഞങ്ങളോടു കൃപയുണ്ടാകണമെ.

ശുശ്രൂഷി: നമുക്കു പ്രാർത്ഥിക്കാം സമാധാനം നമ്മോടു കൂടെ.

**കാർമ്മി**: കർത്താവേ ബലവാനായ ദൈവമേ, ഞങ്ങളുടെ ആത്മാവിനേയും ശരീരത്തേയും ഞങ്ങൾ അങ്ങേക്കു സമർപ്പിക്കുന്നു. ഞങ്ങളുടെ പാപങ്ങൾ പൊറുത്തു ഞങ്ങളെ അനുഗ്രഹിക്കണമെ.

ശുശ്രൂഷി: കർത്താവേ, ആശീർവ്വദിക്കേണമെ. സഹോദരരെ, കൈവയ്പ്പിനായി നമുക്ക് തലകുനിച്ച് ആശീർവാദം സ്വീകരിക്കാം.

കാർമ്മി: സകലത്തേയും ആശീർവ്വദിക്കുന്നവൻെറ അനുഗ്രഹവും സർവ്വത്തേയും സാന്ത്വനപ്പെടുത്തുന്നവൻെറ സമാശ്വാസവും എല്ലാറ്റിലും കൃപ ചൊരിയുന്നവൻെറ കാരുണ്യവും സംരക്ഷണവും നമ്മിലും നമ്മുടെ സമൂഹത്തിലും മനുഷ്യവർഗ്ഗം മുഴുവനിലും ഉണ്ടായിരിക്കട്ടെ. ഇപ്പോഴും എപ്പോഴും എന്നേക്കും.

സമൂഹം: ആമ്മേൻ.

കാർമ്മി: കാരുണ്യവാനായ കർത്താവേ, നിൻെറ കുരിശിലെ രക്തംകൊണ്ടു ഞങ്ങളെ രമ്യപ്പെടുത്തുവാനും ഞങ്ങളുടെ കൈച്ചീട്ടു വാങ്ങി, മായിച്ചുകളഞ്ഞ്, അതു കുരിശിൽ തറക്കുവാനും ദയവുണ്ടായല്ലോ. നിനക്കു നിത്യവും നന്ദി പറഞ്ഞുകൊണ്ട്, നിൻെറ കുരിശിൽ മാത്രം അഭിമാനം കൊള്ളുവാൻ തക്കവിധം വിശുദ്ധരായി ജീവിച്ച് നിന്നോടു കൂടെ മഹത്ത്വം പ്രാപിക്കുവാൻ ഞങ്ങൾക്കിടയാകട്ടെ. നിത്യനായ സർവ്വേശ്വരാ.

കാർമ്മി: കർത്താവേ, നിൻെറ വചനം എന്നേക്കും / സ്വർഗ്ഗത്തിൽ ദൃഢമായി ഉറപ്പിക്കപ്പെട്ടിരിക്കുന്നു.

സമൂഹം: കർത്താവേ, നിൻെറ വചനം എന്നേക്കും / സ്വർഗ്ഗത്തിൽ ദൃഢമായി ഉറപ്പിക്കപ്പെട്ടിരിക്കുന്നു.
നിൻെറ വിശ്വസ്തത എല്ലാ തലമുറകൾവരേയും നിലനിൽക്കും.

നീ ഭൂമിയെ ക്രമവത്കൃതമാക്കി സ്ഥാപിച്ചു.
അതു സ്ഥിരമായി നിൽക്കുകയും ചെയ്യുന്നു.

നിൻെറ ക്രമവല്ക്കരണമനുസ്സരിച്ച് അവ ഇന്നും നിലനിൽക്കുന്നു.
എന്തുകൊണ്ടെന്നാൽ സമസ്തവസ്തുക്കളും നിൻെറ സേവകരത്രെ.

എൻെറ ആനന്ദം നിൻെറ നിയമമല്ലായിരുന്നെങ്കിൽ
എൻെറ കഷ്ടപ്പാടിൽ ഞാൻ നശിച്ചുപോയേനേ.

നിൻെറ കല്പനകൾ ഞാനൊരിക്കലും വിസ്മരിക്കയില്ല.
എന്തുകൊണ്ടെന്നാൽ അവവഴി നീയെനിക്കു ജീവൻ തന്നു.

ഞാൻ നിൻേറതാകുന്നു. എന്നെ രക്ഷിക്കേണമെ.
എന്തെന്നാൽ നിൻെറ കല്പനകളെ ഞാൻ പിന്തുടർന്നു.

ദുഷ്ടന്മാർ എന്നെ നശിപ്പിക്കുവാൻ പതിയിരിക്കുന്നു.
ഞാനോ എന്നാൽ നിൻെറ സാക്ഷ്യങ്ങളെപ്പറ്റി ധ്യാനിക്കുന്നു.

കാർമ്മി: അങ്ങേ കൃപയുടെ വാതിൽക്കൽ മുട്ടിവിളിക്കുന്നവർക്ക് വാതിൽ തുറന്നുകൊടുക്കുന്ന കർത്താവേ, പ്രശാന്തമായ സായംകാലവും, ആശ്വാസപ്രദമായ രാത്രിയും, പ്രതീക്ഷാനിർഭരമായ പ്രഭാതവും, സദ്പ്രവർത്തികൾ നിറഞ്ഞ ദിവസവും നല്കി, ഞങ്ങളെ അനുഗ്രഹിക്കണമെ. ഞങ്ങളുടെ ജീവിതകാലം മുഴുവനും അങ്ങയെ പ്രസാദിപ്പിക്കുവാൻ ഞങ്ങളെ സഹായിക്കണമെ. പിതാവും പുത്രനും പരിശുദ്ധാവുമായ സർവ്വേശ്വരാ എന്നേക്കും.

സമൂഹം: ആമ്മേൻ. കർത്താവേ, അനുഗ്രഹിക്കേണമേ.

കാർമ്മി: കർത്താവേ, അങ്ങേ മഹത്ത്വമേറിയ ത്രീത്വത്തിൻെറ നിഗൂഢമായ ശക്തിയും അനന്തമായ അനുഗ്രഹവും നിരന്തരമായ സഹായവും ഞങ്ങൾക്കു ലഭിക്കുമാറാകട്ടെ. പരിശുദ്ധ കന്യകാമറിയത്തിൻെറ അപേക്ഷയും, മാർ യൗസേപ്പിൻെറയും വിശുദ്ധ ശ്ലീഹന്മാരുടേയും പ്രാർത്ഥനകളും, ഞങ്ങളുടെ പിതാവായ മാർതോമ്മാ ശ്ലീഹായുടേയും, മാർ ഗീവർഗീസിൻെറയും, മറ്റു വേദസാക്ഷികളുടേയും, ഈ ഇടവകയുടെ മദ്ധ്യസ്ഥനായ ഈശോയുടെ തിരുഹൃദയത്തിൻെറയും, മറ്റു സകല വിശുദ്ധരുടേയും മല്പാന്മാരുടേയും മദ്ധ്യസ്ഥതയും ഞങ്ങളെ സഹായിക്കുമാറാകട്ടെ. അവ ഞങ്ങൾക്ക് അഭയവും സഹായവും ദുഷ്ടപ്പിശാചിലും അവൻെറ സൈന്യങ്ങളിലുംനിന്നു സംരക്ഷണവും നല്കി നിത്യഭാഗ്യത്തിലേക്കു ഞങ്ങളെ നയിക്കുമാറാകട്ടെ. പിതാവും പുത്രനും പരിശുദ്ധാന്മാവുമായ സർവ്വേശ്വരാ എന്നേക്കും.

സമൂഹം: ആമ്മേൻ. കർത്താവേ, ആശീർവ്വദിക്കണമേ.

കാർമ്മി: നിത്യപിതാവിൻെറ പ്രകാശമായ മിശിഹായേ, ഞങ്ങൾ അങ്ങയെ ആരാധിക്കുകയും സ്തുതി തിക്കുകയും ചെയ്യുന്നു. അങ്ങേ നീതിമാന്മാരുടെ പ്രാർത്ഥനയാൽ ഞങ്ങളുടെ പാപങ്ങൾ പൊറുക്കുകയും പീഡകളിൽ ഞങ്ങളെ ആശ്വസിപ്പിക്കുകയും ചെയ്യണമെ. അങ്ങയുടെ മനോജ്ഞമായ പ്രകാശത്തിലേക്കു ഞങ്ങളെ നയിക്കുകയും ജീവിതത്തിലുണ്ടാകുന്ന എല്ലാ ഉപദ്രവങ്ങളിൽ നിന്നും അങ്ങേ വിശുദ്ധ ശ്ലീവായുടെ ശക്തിയാൽ ഞങ്ങളെ രക്ഷിക്കുകയും ചെയ്യണമേ. ഇപ്പോഴും ✤എപ്പോഴും എന്നേക്കും.

സമൂഹം: ആമ്മേൻ.